എന്നുള്ളതുകൊണ്ട് ഞങ്ങൾക്ക് പ്രതിഷേധിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഞങ്ങൾ ഇതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* അങ്ങ് വാക്കൗട്ട് ചെയ്യേണ്ട. അങ്ങനെ തൊഴിലാളികൾക്ക് പണിയില്ലാതെ നിൽക്കുകയാണെങ്കിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കാമെന്ന് ഞാൻ പറഞ്ഞല്ലോ. എന്റെ അറിവിൽ ഇല്ല എന്നാണ് ഞാൻ പറഞ്ഞത്.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* സർ, വാക്കൗട്ട് ഒഴിവാക്കുന്നു. അങ്ങയുടെ വാക്ക് വിശ്വസിക്കുന്നു.

മി. സ്പീക്കർ: അവസാനത്തെ ദിവസം വാക്കൗട്ട് വേണ്ട. നമുക്ക് സൗഹൃദാന്തരീക്ഷത്തിൽ പിരിയാം.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) ഗ്രാമീണറോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി തുക അനുവദിക്കണമെന്ന ആവശ്യം.

ശ്രീ. എം. എ. വാഹീദ്: സർ, കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കഴിഞ്ഞ 25 വർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് ഒരുപാട് സ്ഥായിയായ ആസ്തികൾ ഉണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഗ്രാമങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1980-നു ശേഷമാണ്. National Rural Employment Programme (NREP), Rural Landless Employment Generation Programme (RLEGP), അതിനുശേഷം Jawahar Rozgar Yojana (JRY), അതിനുശേഷം Swarna Jayanthi Swahari Rozgar Yojana (SJSRY), Prime Minister's Gramin Sadak Yojana (PMGSY), Integrated Waste Land Development Programme (IWLDP), Jawahar Gram Samridhi Yojana (JGSY), Rural Sanitation Programme (RSP) എന്നീ പേരുകളിലുള്ള ധാരാളം പദ്ധതികൾ നിലവിലുണ്ട്. റൂറൽ സാനിട്ടേഷൻ പ്രോഗ്രാം കൂടാതെ കുടിവെള്ള പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതിയിലുണ്ട്. കഴിഞ്ഞ 25 വർഷക്കാലമായി ഉണ്ടായ സ്ഥായിയായ ആസ്തികൾ, അതേപോലെ 1993-ൽ ആരംഭിച്ച എം. പി. ഫണ്ട്, രണ്ടായിരത്തിനുശേഷം ആരംഭിച്ച എം.എൽ.എ. ഫണ്ട് എന്നീ ഫണ്ടുകൾ മുഖാന്തിരം ഗ്രാമപ്രദേശങ്ങളിൽ ഒരുപാട് സ്ഥായിയായ ആസ്തികൾ ഉണ്ടായിട്ടുണ്ട്. പാവപ്പെട്ടവർക്ക് ഗുണം ചെയ്യുന്ന ഒരുപാട് റോഡുകൾ, കർഷകർ, കർഷകത്തൊഴിലാളികൾ, ചെറുകിട വ്യവസായികൾ, ഗ്രാമീണവാസികൾ എന്നിവർ ഉപയോഗിക്കുന്ന റോഡുകൾ, എം.പി. ഫണ്ടിലും എം.എൽ.എ. ഫണ്ടിലും

LIBRARY ARCHIVES Kerala Legislative Assembly

പണി ചെയ്ത പള്ളിക്കൂടങ്ങൾ, എൻ.ആർ.ഇ.പി.-യിൽ ചെയ്ത റോഡുകൾ ഇവയ്ക്കൊന്നും അറ്റകുറ്റപ്പണികൾ ചെയ്യാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്തു വർഷക്കാലമായി ത്രിതല പഞ്ചായത്തുകളിലേക്ക് ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ മാറ്റിയതുകൊണ്ട് ത്രിതല പഞ്ചയാത്തുകളിലെ മെമ്പർമാർ അവിടെ കിട്ടുന്ന പണം ഒരോ വാർഡുകളിലായി വീതിച്ചു കൊണ്ടുപോയി പുതിയ പുതിയ റോഡുകളും പുതിയ കെട്ടിടങ്ങളും പുതിയ സാനിട്ടേഷൻ പ്രോഗ്രാമുകളും നടത്തുന്നതുകൊണ്ട് പഴയതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാൻ പണമില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. ഈ വർഷമാണ് 500 രൂപ മെയിന്റനൻസ് ഗ്രാന്റായി കൊടുത്തത്. ഈ മെയിന്റനൻസ് ഗ്രാന്റ് പോലും ഓരോ വാർഡ് മെമ്പർമാർ അവരവരുടെ വാർഡിലെ പുതിയ റോഡുകളും പാലങ്ങളും ഉണ്ടാക്കാൻ വേണ്ടിയാണ് ഉപയോഗിക്കുന്നത്. പ്ലാൻ ഫണ്ടിൽ വലിയ എമൗണ്ടാണ് നമ്മൾ ത്രിതല പഞ്ചായത്തുകളിൽ കൊടുക്കുന്നത്. ഈ പ്ലാൻ ഫണ്ടിൽ ഉള്ള പണം അറ്റകുറ്റ പണികൾക്ക് വേണ്ടി ചെലവഴിക്കാൻ കഴിയില്ലായെന്ന് പ്ലാനിംഗ് ബോർഡ് നിഷ്കർഷിച്ചിട്ടുണ്ട്. ഒന്നുകിൽ പ്ലാൻ ഫണ്ടിൽ നിന്നും കുറേ തുക നോൺ പ്ലാനിലേയ്ക്ക് മാറ്റി മെയിന്റനൻസ് നടത്താൻ വേണ്ടി വിനിയോഗിക്കണം. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ മുഴുവൻ തുകകളിൽ നിന്ന് 20% തുക ഇതേപോലെ നിർമ്മിച്ചിട്ടുള്ള ഗ്രാമപ്രദേശങ്ങളിലെ സ്ഥായിയായ ആസ്തികളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുവേണ്ടി ചെലവാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതിയിലും ഈ അറ്റകുറ്റപ്പണികൾക്കുവേണ്ടി ത്രിതല പഞ്ചായത്തുകൾ പണം മാറ്റിവയ്ക്കുന്നില്ല. അതെല്ലാം അവരവരുടെ വാർഡിലുള്ള പുതിയ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് റോഡുകൾ മുഴുവൻ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്നു; പാലങ്ങൾ മുഴുവൻ പൊളിഞ്ഞുവീഴാറായിരിക്കുന്നു; പള്ളിക്കൂടങ്ങൾ ചോർന്നൊലിക്കുന്നു. സാനിട്ടേഷൻ പ്രോഗ്രാമുകൾക്ക് കൊടുത്ത പണം അക്കാര്യത്തിന് വിനിയോഗിക്കാതെ സാനിട്ടറി സൗകര്യങ്ങൾ എല്ലാം തകരാറിലാകുന്ന സ്ഥിതിവിശേഷമാണിന്നുള്ളത്. അതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പറഞ്ഞിരിക്കുന്ന 20 ശതമാനം മെയിന്റനൻസ് പൂർണ്ണമായും നടപ്പാക്കാനാവശ്യമായ നടപടിയും ഈ വർഷം കൊടുത്തിരിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്ന് ഒരു നിശ്ചിത തുക നോൺ പ്ലാൻ ഫണ്ടിലേക്ക് മാറ്റി മെയിന്റനൻസിനുവേണ്ടി മാറ്റിവച്ച് സ്ഥായിയായ ആസ്തികളെ നിലനിർത്താനാവശ്യമായ നടപടിയും സ്വീകരിക്കാൻ ബഹുമാനപ്പെട്ട സർക്കാർ തീരുമാനമെടുക്കണം, അതു നടപ്പിലാക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: കേന്ദ്രാവിഷ്കൃത പദ്ധതി, എം.പി. ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മുതലായവ ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുകയില്ല. എം. എൽ. എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികൾക്കും ഇതേ മാനദണ്ഡമാണ് നിലവിലുള്ളത്. പ്ലാനിംഗ് കമ്മിഷന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അറ്റകുറ്റപ്പണികൾക്ക് പദ്ധതിയിനത്തിൽനിന്നും തുക ചെലവാക്കാൻ കഴിയുകയില്ല. അറ്റകുറ്റപ്പണികളുടെ ചെലവ് പദ്ധതിയിതര ഇനത്തിൽ നിന്നുവേണം നടത്തേണ്ടത്. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി അനുസരിച്ച് വികേന്ദ്രീകരണ ആസൂത്രണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. നാഷണൽ ഹൈവേകൾ, സംസ്ഥാന ഹൈവേകൾ, മെയിൻ ജില്ലാ റോഡുകൾ എന്നിവ ഒഴികെയുള്ള റോഡുകളുടെ ചുമതല, ഇതിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്. അതുകൊണ്ട് സംസ്ഥാന സർക്കാർ നേരിട്ടെടുത്ത പണികൾ ചെയ്യുന്നത് ശരിയായ നടപടിയല്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് രണ്ടാം സംസ്ഥാന ധനകാര്യ കമ്മിഷൻ മൊത്തം സംസ്ഥാന നികുതി വരുമാനത്തിന്റെ 5.5% വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റായി അനുവദിക്കാൻ ശുപാർശ ചെയ്തത്. ഇത് സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2004-2005 വർഷം മുതൽ ഈ വിഹിതം നൽകുകയും ചെയ്യുന്നുണ്ട്. ഇതിൽ അറ്റകുറ്റപ്പണികൾക്കു വേണ്ടി റോഡുകളുടെ പ്രത്യേക ഫണ്ട് നീക്കി വച്ചിട്ടുണ്ട്. നടപ്പുവർഷം റോഡുകളുടെ അറ്റകുറ്റ പണികൾക്ക് നീക്കിവച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പഞ്ചായത്തുകൾ- 104.24 കോടി രൂപ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ- 25.11 കോടി രൂപ, 2005-2006 വർഷത്തിലെ ധനാഭ്യർത്ഥന പ്രകാരം ഈ തുകകൾ യഥാക്രമം 128.20 കോടി രൂപയും, 27.63 കോടി രൂപയും ആകുന്നു. ഇതിനു പുറമേ പ്രത്യേക സാഹചര്യത്തിൽ ദുരിതാശ്വാസ ഫണ്ടുപയോഗിച്ചും റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നുണ്ട്. അറ്റകുറ്റ പണികൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ടി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ അധീനതയിലുള്ള റോഡുകളുടെ മെയിന്റനൻസ് പ്ലാൻ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഒരു കാര്യം നേരത്തേ പറഞ്ഞു. സ്ഥായിയായ ആസ്തികൾ എന്നു പറയുന്നത് റോഡുകൾ മാത്രമല്ല, പള്ളിക്കൂടങ്ങളും അംഗനവാടി കെട്ടിടങ്ങളും ഉൾപ്പെടെ പാലങ്ങൾ വരെയുണ്ട്. ഇതെല്ലാം മെയിൻറനൻസ് ചെയ്യാനാവശ്യമായ പണമില്ല. 500 രൂപ മെയിന്റനൻസ് ഗ്രാന്റ് കൊണ്ട് ഒരിക്കലും കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിൽ മെയിന്റനൻസ് നടത്താൻ പറ്റില്ല. അതുകൊണ്ട് നമ്മുടെ പ്ലാൻ ഫണ്ടിൽനിന്നും നോൺ പ്ലാൻ ഫണ്ടിലേക്ക് കുറേ എമൗണ്ട് മാറ്റാൻ കഴിയുമെങ്കിൽ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം, അല്ലെങ്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള തുകയെങ്കിലും കൃത്യമായ മെയിന്റനൻസിനുവേണ്ടി ചെലവാക്കാൻ ഒരു നിയമം എൻഫോഴ്സ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ? പ്ലാൻ ഫണ്ടിൽ നിന്ന് കുറച്ച് പണം നോൺ പ്ലാനിലേക്ക് മാറ്റാൻ സർക്കാരിന് കഴിയുമോ? ഏതെങ്കിലും രീതിയിൽ ഈ വരുന്ന ഒരു വർഷക്കാലം കൊണ്ട് ഇത് പൂർത്തിയാക്കാനുള്ള അടിയന്തിര നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, പ്ലാൻ ഫണ്ടിന് പുറത്ത് മെയിന്റനൻസ് ഗ്രാന്റ് പ്രത്യേകം കൊടുക്കുന്നുണ്ട്. അതുകൊണ്ട് ആ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. കഴിഞ്ഞ വർഷം മെയിന്റനൻസ് ഗ്രാന്റ് കൊടുത്തതിന്റെ 10 ശതമാനംപോലും ചെലവാക്കാത്തതുകൊണ്ടാണ് അടുത്ത് കുറേ ചെലവാക്കുന്നതിനായി ഈ വർഷം വേണ്ടിവന്നാൽ കാശ് കൊടുക്കാമെന്നു പറഞ്ഞത്. മെയിന്റനൻസ് ഗ്രാന്റ് വളരെ കുറച്ചു മാത്രമേ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ചെലവാക്കുന്നുള്ളു.

(2) റിവർ മാനേജുമെന്റ് ഫണ്ട് ഉദ്ദേശ്യലക്ഷ്യങ്ങൾക്കുവേണ്ടി ചെലവാക്കണമെന്ന ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ഈ Calling Attention കൊണ്ടുവന്നത് രണ്ടാമത്തെ പ്രാവശ്യമാണ്. അദ്യംകൊണ്ടു വന്നതിന് യാതൊരു
10 A. M.] പ്രയോജനവുമില്ലാത്തതുകൊണ്ടാണ് രണ്ടാമത്തെ പ്രാവശ്യം ഈ Calling Attention കൊണ്ടുവന്നത്.

മി. സ്പീക്കർ: രണ്ടാമത്തെ പ്രാവശ്യമാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ തരില്ലായിരുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: കൊല്ലങ്ങൾക്കുമുമ്പാണ് കൊണ്ടുവന്നത്. പുഴകളേയും നദികളേയുമൊക്കെ സംരക്ഷിക്കാൻവേണ്ടി നമ്മൾ നിയമം കൊണ്ടുവരികയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമായി ആ നിയമത്തിലൂടെ ഉദ്ദേശിച്ചത് നമ്മുടെ നദികളും നദീതീരങ്ങളും സംരക്ഷിക്കുക എന്നുള്ളതാണ്. അതിനുവേണ്ടിയാണ് 2001-ൽ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ബിൽ നമ്മുടെ നിയമസഭ പാസ്സാക്കിയത്. അങ്ങനെ പാസ്സാക്കിയ നിയമം വെറും നോക്കുകുത്തിയായി നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നദികളിൽ നിന്നും മണലൂറ്റുന്നതിലൂടെ River Management Fund രൂപീകരിക്കുകയുണ്ടായി. ആ River Management Fund ഉപയോഗിച്ചുകൊണ്ട് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly